(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ കൂടുതൽ സാമ്പത്തിക ബാധ്യതകൾ ഏറ്റെടുക്കുവാൻ നിവൃത്തിയില്ല.

(സി) ഫോറം ഫോർ കോളേജ് ഗസ്റ്റ് ലക്ചറേഴ്സ് എന്ന സംഘടന സമർപ്പിച്ച നിവേദനം ഗവൺമെന്റ് പരിശോധിക്കുകയും ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്ത കാരണത്താൽ അധിക സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ കഴിയില്ലായെന്ന് ബന്ധപ്പെട്ടവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്ലസ് ടൂ ഗസ്റ്റ് അദ്ധ്യാപകർക്ക് പീരിയഡ് ഒന്നിന് 100 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 6,000 രൂപയാണ് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്ത സാഹചര്യത്തിൽ ഗസ്റ്റ് ലക്ചറർമാരുടെ പ്രതിമാസ വേതനം പരിഷ്ക്കരിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ സാധിക്കുകയില്ല.

**കാസർഗോഡ് ഗവൺമെന്റ് കോളേജിനെ യു.ജി.സി. ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയതുമൂലമുള്ള സാമ്പത്തിക നഷ്ടം**

**66 (2925)** ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിനെ യു.ജി.സി.-യുടെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയത് കാരണം യു.ജി.സി. മുഖേന കോളേജിന് ലഭിക്കേണ്ടിയിരുന്ന എത്ര രൂപയുടെ സാമ്പത്തിക സഹായം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ബ്ലാക്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിലേയ്ക്കായി സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോസ്റ്റ് ഗ്രാജ്വേറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസിയായി യു.ജി.സി. 2 ലക്ഷം രൂപയുടെ ഗ്രാന്റ് 9-ാം പദ്ധതിയിൽ അനുവദിച്ചതിൽ 20,500 (ഇരുപതിനായിരത്തി അഞ്ഞൂറ്) രൂപ മാത്രമേ പ്രസ്തുത കോളേജിന് നൽകിയിട്ടുള്ളൂ. ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തിയതുമൂലം ബാക്കി തുക യു.ജി.സി. നൽകിയിട്ടില്ല.

(സി&ഡി) അനധികൃതമായി വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ മുഴുവൻ തുകയും തിരിച്ചടയ്ക്കുക, കോച്ചിംഗ് സെന്റർ മറ്റൊരിടത്തേക്ക് മാറ്റുക, ക്രമക്കേട് നടത്തിയ സെന്ററിന്റെ ഡയറക്ടറുടെ ഒരു ഇൻക്രിമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തടഞ്ഞുവയ്ക്കുക തുടങ്ങിയ നിബന്ധനകളാണ് യു.ജി.സി. ബ്ലാക്ക് ലിസ്റ്റിലെ പട്ടികയിൽ നിന്നും പ്രസ്തുത കോളേജിനെ ഒഴിവാക്കാനായി നിർദ്ദേശിക്കുന്നത്. പ്രസ്തുത സെന്ററിന്റെ ഡയറക്ടർക്കെതിരായി കോഴിക്കോട് വിജിലൻസ് ട്രിബ്യൂണലിൽ കേസ് നടക്കുകയാണ്. ഡയറക്ടർക്കെതിരെയുള്ള അച്ചടക്ക നടപടി പൂർത്തിയായി പ്രസ്തുത കോളേജിനെ ബ്ലാക്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

**പ്രൊഫഷണൽ കോളേജുകളിൽ അഡ്മിഷൻ റിസർവേഷൻ ക്വാട്ട ഏർപ്പെടുത്താൻ നടപടി**

**67 (2926)** ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രപതിയുടെ അവാർഡ് നേടുന്ന സ്കൗട്സ് ആന്റ് ഗൈഡ്സ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന് റിസർവേഷൻ ക്വാട്ടാ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അവർക്ക് പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷന് റിസർവേഷൻ ക്വാട്ടാ ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മെരിറ്റ് വിഭാഗത്തിലും റിസർവേഷൻ വിഭാഗത്തിലും ലഭ്യമായ സീറ്റുകളുടെ എണ്ണത്തിൽ കുറവ് വരുമെന്ന കാരണത്താൽ ഈ നിർദ്ദേശം സർക്കാർ പരിഗണനയിലില്ല.

**സ്കൗട്സ് ആന്റ് ഗൈഡ്സിന് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം നൽകാൻ നടപടി**

**68 (2927)** ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിനായി വിവിധ മതവിഭാഗങ്ങൾ, സ്പോർട്സ്, എൻ.സി.സി. കലാതിലകം/കലാപ്രതിഭ, എക്സ് സർവ്വീസുകാരുടെ ആശ്രിതർ, അംഗവൈല്യമുള്ളവർ തുടങ്ങിയവർക്ക് നിശ്ചിത എണ്ണം സീറ്റ് സംവരണം ചെയ്തിട്ടുണ്ടെങ്കിലും പ്രസിഡന്റിന്റെ അവാർഡ് നേടുന്ന സ്കൗട്ട്സ് ആന്റ് ഗൈഡ്സിന് ഈ ആനുകൂല്യം നൽകിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള സീറ്റുകളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ എൻ.സി.സി.-ക്കാർക്ക് നൽകുന്നതുപോലെ അടുത്ത വർഷം മുതൽ എങ്കിലും പ്രസിഡന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly